കെ. എസ്. ആർ. ടി. സി.യുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ

1018 [1909] ശ്രീ. വി. വി. ജോസഫ്:
,, എ. ജോർജ്ജ്:
,, പി. സി. ജോർജ്ജ്:
,, ഇ. ജെ. ലൂക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എത്ര ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്?

ഉത്തരം

(എ) പുതിയ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതില്ല എന്നു തീരുമാനിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക പരാധീനതമൂലം.

(സി) 7,12,00,000 രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നു.

എക്സ്പ്രസ്സ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലെ സൗകര്യങ്ങൾ

1019 [1910] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര യാത്രകൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എക്സ്പ്രസ്സ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിൽ ഇന്നുള്ള സൗകര്യങ്ങൾ വളരെ കുറവാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ദൂരയാത്രക്കാർക്കുവേണ്ടി ബസ്സുകളിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകത്തക്കവിധമുള്ള വാഹനങ്ങൾ നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം സൗകര്യങ്ങളെന്ന് വിശദീകരിക്കുമോ;

(ഡി) ഇപ്രകാരമുള്ള ഒരു ബസ്സ് നിർമ്മിക്കുന്നതിന് വരാവുന്ന അധികച്ചെലവ് എത്രയാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; ഇത്തരം എത്ര ബസ്സുകൾ നിർമ്മിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

(സി, ഡി) ചോദ്യമുദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly